# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 260 02/04/2013 ൽ മറുപടിക്ക്

പഠന വീട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി<br>,, വി. എസ്. സുനിൽ കുമാർ<br>,, കെ. അജിത്<br>,, ചിറ്റയം ഗോപകുമാർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പട്ടികജാതി-പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി ആരംഭിച്ച പഠന വീട് പദ്ധതി നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ; | എ) പഠന വീട് പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ രൂപപ്പെടുത്തിയ ഒരു പരിശീലന മോഡ്യൂൾ പ്രകാരം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട വോളന്റിയർമാർക്ക് 2 ദിവസത്തെ പരിശീലനം നൽകുകയുണ്ടായി. ജൂൺ ആദ്യവാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പഠനവീട് പ്രവർത്തനം ആരംഭിച്ചു. എല്ലാ മാസവും ബി.ആർ.സി തലത്തിൽ വോളന്റിയർമാരുടെ പ്രവർത്തനങ്ങളുടെ റിവ്യൂ നടത്തി വരുന്നു. |
| ബി) ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ; | ബി) പഠനത്തിന് അനുയോജ്യമായ ഗാർഹിക അന്തരീക്ഷം ലഭ്യമാകാത്ത കുട്ടികൾക്ക് അഭിലഷണീയമായ പഠനാന്തരീക്ഷം ഒരുക്കിക്കൊടുക്കുകയാണ് പഠനവീടുളുടെ ലക്ഷ്യം. കൂടാതെ കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളെ സാർത്ഥകമായി ഇടപെടാൻ പ്രാപ്തരാക്കുക. കുട്ടികളുടെ മാനസികോല്ലാസം ഉറപ്പുവരുത്തുന്നതിനുള്ള കലാകായിക സാസ്കാരിക പ്രവർത്തനങ്ങൾ |

ഉറപ്പാക്കുക എന്നിവയാണ് പഠന വീട്

പ്രവർത്തനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യ

ങ്ങൾ

| | | | |
|---|---|---|---|
| സി) | ഈ പദ്ധതി ഉപേക്ഷിക്കാനുള്ള നീക്കം നടക്കുന്ന തര യുള്ള ആക്ഷേപം ശ്രദ്ധയിൽപെ ട്ടി ട്ടു ണ്ടോ, എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാ ക്കുമോ? | സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ